## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4876** | **13-03-2023 - ൽ മറുപടിയ്ക്ക്**

## കലാകാരൻമാർക്കുള്ള പെൻഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബുദ്ധിമുട്ട് അനുഭവിക്കുന്ന കലാകാരൻമാർക്ക് സാംസ്കാരിക വകുപ്പ് മുഖേന നൽകുന്ന ധനസഹായങ്ങൾ എന്തൊക്കെയെന്നും വകുപ്പ് നൽകുന്ന മറ്റ് ആനുകൂല്യങ്ങൾ, ഗ്രാന്റുകൾ തുടങ്ങിയവയുടെ വിവരങ്ങളും ലഭ്യമാക്കാമോ; | (എ) | **സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്ന സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പ്രതിമാസം ധനസഹായം നൽകുന്ന കലാകാര പെൻഷൻ പദ്ധതി പ്രകാരം അർഹരായ കലാകാരന്മാർക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പ്രതിമാസം 1600/- രൂപ വീതം ധനസഹായം നൽകി വരുന്നു. കൂടാതെ അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകരുടെ അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് അടിയന്തര ചികിത്സാ ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപ അനുവദിച്ചു വരുന്നുണ്ട്.**<br><br>**കലാകാരന്മാരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നും അംഗങ്ങൾക്ക് ധനസഹായം നൽകി വരുന്നുണ്ട്. കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശാദായം അടച്ച ഒരു അംഗത്തിന് 60 വയസ്സ് തികയുന്ന മുറയ്ക്ക് പെൻഷൻ അനുവദിച്ചു വരുന്ന പദ്ധതി പ്രകാരം നിലവിൽ 3797 അംഗങ്ങൾക്ക് 4,000/- രൂപ വീതം പ്രതിമാസ പെൻഷൻ നൽകി വരുന്നു. കുറഞ്ഞത് 2 വർഷം അംശാദായം അടച്ച ഒരു അംഗമോ ക്ഷേമനിധി പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്ന അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് നൽകി വരുന്ന കുടുംബ പെൻഷൻ പദ്ധതി പ്രകാരം നിലവിൽ 298 അംഗങ്ങളുടെ കുടുംബങ്ങൾക്ക് പ്രതിമാസം 1,100/- രൂപ വീതം കുടുംബ പെൻഷനും 7 പേർക്ക് 1,100/- രൂപ വീതം അവശത പെൻഷനും നൽകി വരുന്നു. കുറഞ്ഞത് ഒരു വർഷമെങ്കിലും ക്ഷേമനിധിയിലേക്ക് അംശാദായം അടച്ച** |

| | | | |
|---|---|---|---|
| | | | അംഗത്തിന്റെയോ, അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയോ വിവാഹ ആവശ്യത്തിനായി 25000/- രൂപ ധനസഹായമായി നൽകി വരുന്നുണ്ട്. ക്ഷേമനിധി ബോർഡ് അംഗത്തിന്റെ മരണാനന്തര ചെലവുകൾക്കായി 3,000/- രൂപയും നിധിയിലെ ഒരംഗം അസുഖം മൂലമോ അപകടം മൂലമോ മരണപ്പെട്ടാൽ ആദ്യത്തെ മൂന്ന് വർഷത്തെ കാലാവധിക്കുള്ളിൽ മരണാനന്തര സഹായമായി 5000/- രൂപയും ശേഷമുള്ള ഓരോ വർഷത്തെ അംഗത്വ കാലയളവിന് 1000 രൂപ വീതവും, പരമാവധി 25,000/- രൂപ അംഗത്തിന്റെ കുടുംബത്തിന് മരണാനന്തര ധനസഹായമായി നൽകി വരുന്നുണ്ട്. "Comprehensive Health Insurance Scheme" (CHIS) ആരോഗ്യസുരക്ഷാ പദ്ധതിയിൽപ്പെടാത്ത, മൂന്ന് വർഷമെങ്കിലും സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിലേക്ക് തുടർച്ചയായി അംശാദായം അടച്ച അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും ചികിത്സക്ക്, അംഗത്വ കാലാവധിയിൽ പരമാവധി 50,000 രൂപ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ചികിത്സാ ധനസഹായമായി അനുവദിച്ചു വരുന്നുണ്ട്. ഹൃദ്രോഗം, ക്യാൻസർ, വൃക്ക സംബന്ധമായ അസുഖം, കരൾ രോഗം, ശ്വാസകോശ സംബന്ധമായ അസുഖം, തലച്ചോറിൽ രക്തസ്രാവവുമായി ബന്ധപ്പെട്ട അസുഖം അഥവാ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും ഗുരുതരമായ മാരക രോഗങ്ങളാൽ കഷ്ടപ്പെടുന്ന അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വൈദ്യ ചികിത്സക്കുള്ള ചിലവുകൾ നേരിടുന്നതിനായി അംഗത്വ കാലാവധി പരിഗണിക്കാതെ പരമാവധി 1,50,000 രൂപ (ഒരു ലക്ഷത്തി അൻപതിനായിരം രൂപ) ബോർഡിന്റെ അംഗീകാരത്തോടെ നൽകുന്നുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ ബോർഡ് ചെയർമാന്റെ അംഗീകാരത്തോടെ 25,000 രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചു വരുന്നുണ്ട്.<br><br>കൂടാതെ ചലച്ചിത്രരംഗത്തെ അവശകലാകാരന്മാർക്കും അവരുടെ ആശ്രിതർക്കും പ്രതിമാസം 1000 രൂപ വീതം 195 പേർക്ക് കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമിയിൽ നിന്നും അവശകലാകാര പെൻഷനായി നൽകി വരുന്നുണ്ട്. ഇതിനു പുറമേ അവശകലാകാരന്മാർക്കും അവരുടെ ആശ്രിതർക്കും പരമാവധി 25,000/- രൂപ ചികിത്സാ ധനസഹായവും നൽകി വരുന്നുണ്ട്. |
| (ബി) | മറ്റ് ക്ഷേമ പെൻഷനുകൾ ലഭിക്കുന്ന | (ബി) | ഉണ്ട്. മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകളോ/ |

| | | | |
|---|---|---|---|
| | കലാകാരൻമാർക്ക് കലാകാര പെൻഷൻ നിഷേധിച്ചിട്ടുണ്ടോ; | | **സർക്കാർ ഫണ്ടിൽ നിന്നുള്ള ക്ഷേമ പെൻഷനോ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് കലാകാരപെൻഷൻ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കില്ല. എന്നാൽ തനത് ഫണ്ടിൽ നിന്ന് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ കലാകാരന്മാർക്ക് പ്രസ്തുത ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും കലാകാര പെൻഷൻ പ്രതിമാസം 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.** |
| (സി) | എങ്കിൽ ഇവർക്ക് കലാകാര പെൻഷൻ അനുവദിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ? | (സി) | **ഉണ്ട്. മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകളോ/ സർക്കാർ ഫണ്ടിൽ നിന്നുള്ള ക്ഷേമ പെൻഷനോ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് കലാകാരപെൻഷൻ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കില്ല. എന്നാൽ തനത് ഫണ്ടിൽ നിന്ന് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ കലാകാരന്മാർക്ക് പ്രസ്തുത ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും കലാകാര പെൻഷൻ പ്രതിമാസം 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ